

മൊഴി

# ഡിജിറ്റൽ മാഗസിൻ

**തയ്യാറാക്കിയത്:**
**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**
**യൂണിറ്റ് നമ്പർ:**
**LK/2018/25105**

## ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ
## പാനായിക്കുളം



# കുട്ടിപ്പട്ടങ്ങൾ





# പത്രാധിപ സമിതി

പ്രിൻസിപ്പൾ : സിസ്റ്റർ ആനിസ്

ചീഫ് എഡിറ്റർ : ജെഫ്റ്റ പൊട്ടുത്താസ്

സ്റ്റാഫ് എഡിറ്റേഴ്സ് : ബ്രിജിറ്റ് ഫെലിക്സ്
ക്രിസറ്റ കെ.എ
ജൂഡി പീറ്റർ

സ്റ്റുഡന്റ് എഡിറ്റേഴ്സ് : ഹിബ സഹീർ
റിഫ ബഷീർ
ആബിദ് ചെട്ടുത്തറ
ശരത്ത് മുരുകൻ
ശിവശങ്കരൻ എസ്
അമീർ സുഹൈൽ
ഗോഡ്സൺ ജോർജ്
വിശാഖ് അഭയൻ
കാർത്തിക് എം.എസ്
നസ്ലിയ ഇക്ബാൽ
ശ്രേയ ബാബു
മുഹമ്മദ് ശാഹിദ്


കവർ ചിത്രം : അനുജ ജോൺ

# കൈറ്റ്സിലെ അംഗങ്ങൾ

| | |
|---|---|
| 1.റിഫ ബഷീർ | 17.കാവ്യ ബോസ് |
| 2.ഹിബ സഹീർ | 18.വിശാക് അഭയൻ |
| 3.നസ്മിയ എം ഇക്ബാൽ | 19.ആബിദ് ചെട്ടുതറ |
| 4.ശ്രേയ ബാബു | 20.ശരത് മുരുകൻ |
| 5.തമീമ എ ജെ | 21.ശിവശങ്കരൻ എസ് |
| 6.ആതില പർവീൻ | 22.മുഹമ്മദ് ഇക്ബാൽ |
| 7.അനീറ്റ ആന്റണി | 23.അൽത്താഫ് എം ജെ |
| 8.അലീഷ സെബാസ്റ്റിൻ | 24.അമീർ സുഹൈൽ |
| 9.ദിയ റഹ്മത്ത് | 25.തമീസ് എ ജെ |
| 10.നാഷ്മിയ ഫാത്തിമ സി ജെ | 26.കാർത്തിക് എം എസ് |
| 11.അൻജു പ്രിയ | 27.അർജ്ജുൻ കൃഷ്ണ |
| 12.അനുജ ജോൺ | 28.മുഹമ്മദ് ശാഹിദ് |
| 13.മീനാക്ഷി ബിമോഷ് | 29.ഗോഡ്സൺ ജോർജ് |
| 14.റിസ്വാന സി ടി | 30.അജ്മൽ സി ആർ |
| 15.ഗ്രേസ് തെരേസ കെ ജെ | |
| 16.തൻസി കെ ഇ | |


# മാർഗ്ഗദർശികൾ

സി.ആനിസ് കെ.വി
ജൂഡി പീറ്റർ
ജഫ്‌ന പൊട്ടത്താസ്
ക്രിസ്റ്റ കെ.എ
ബ്രിജിറ്റ് ഫെലിക്സ് എൻ



| നം. | ഉള്ളടക്കം | വിഭാഗം |
|---|---|---|
| 1 | സന്ദേശം | |
| 2 | പ്രാർത്ഥന | |
| 3 | മംഗളപത്രം | |
| 4 | ലിറ്റിൽ കൈറ്റ്സിന്റെ ഉത്ഭവം | കുറിപ്പ് |
| 5 | ലിറ്റിൽ കൈറ്റ്സ് | കുറിപ്പ് |
| 6 | മോഷണം | കഥ |
| 7 | നമ്മുടെ ഭാരതം | ക്വിസ് |
| 8 | മഹാപ്രളയം | ചിത്രം |
| 9 | മാതൃഭാഷ | |
| 10 | ഉപദേശിക്കാൻ പോയ പക്ഷി | ചെറുകഥ |
| 11 | നദികൾ മരിക്കുന്നു | ലേഖനം |
| 12 | കുഞ്ഞിപ്പൂമ്പാറ്റ | കഥ |
| 13 | നാക്കുളുക്കികൾ | |
| 14 | ആകാശം മുട്ടെ പാറിപറന്ന് കുട്ടിപട്ടങ്ങൾ | പത്രവാർത്ത |
| 15 | കുട്ടിയും തള്ളയും | കവിത |
| 16 | സിംഹത്തിന്റെ അഹങ്കാരം | കഥ |
| 17 | പട്ടിയുടെ വിരുന്ന് | കഥ |

| | | |
|---|---|---|
| 18 | പെയ്തൊഴിഞ്ഞ മേഘങ്ങൾ | ലേഖനം |
| 19 | പഴഞ്ചൊല്ല് | |
| 20 | ബേപ്പൂർ സുൽത്താൻ | ലേഖനം |
| 21 | എങ്കിൽ വരാം | ചെറുകഥ |
| 22 | കണക്ക് മാതൃക | കണക്ക് |
| 23 | മിന്നാമിനുങ്ങ് | കവിത |
| 24 | മണ്ണിനെ അറിഞ്ഞ് സ്നേഹിച്ച് | ചിത്രം |



# സന്ദേശം

ലോകത്തിന്റെ വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിൽ നമ്മുടെ കുട്ടികളും ഭാഗഭാക്കുകളാകുവാൻ, അപകർഷതാബോധം തെല്ലുമില്ലാതെ ഉയർന്ന വിദ്യാഭ്യാസ മേഖലകളിൽ മറ്റുള്ളവർക്കൊപ്പം നിൽക്കാൻ, ആവശ്യമായ ശേഷികൾ നേടുവാൻ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചെയ്യുവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊണ്ട ഈ ഡിജിറ്റൽ മാഗസിൻ അനാവരണം ചെയ്യുന്നതിൽ ഞാൻ അഭിമാനിച്ച് കൊള്ളുന്നു. കുട്ടികളുടെ ക്രിയാത്മകമായ കഴിവുകളും മേന്മയും വെളിപ്പെടാൻ ഇതുപകരിക്കും എന്ന് എനിക്കുറപ്പുണ്ട്. കുട്ടികളുടെ നന്മയും ഒത്തൊരുമയും സർഗ്ഗാത്മകതയും അവരുടെ അക്ഷരങ്ങളിലൂടെയും മൊഴികളിലൂടെയും വെളിപ്പെടുന്നു. ഈ മാഗസിൻ പൂർണ്ണതയിൽ എത്തിക്കാൻ പരിശ്രമിച്ച എല്ലാ കുട്ടികൾക്കും നേതൃത്വം കൊടുത്ത അദ്ധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

എന്ന്,

സി.ആനിസ് കെ.വി

ഹെഡ് മിസ്ട്രസ്

# പ്രാർത്ഥന



പുലരിളുമഞ്ഞിൻ മൃദുമന്ദഹാസം
മനതാരിൽ നിറയുന്ന ദൈവീകഭാവം
കരുണാർദ്ര്രരൂപനാം ജീവനാഥാ
നിന്റെ പാദാംബുജേ കൈതൊഴാം......

അകതാരിൽ അലിവേകും നിൻദിവ്യരൂപം
മിഴിനീരിൽ അമൃതേകും മഹനീയ ഭാവം
മമ ജീവനിൽ എന്നും തെളിഞ്ഞിടുവാൻ
നിന്റെ പാദാംബുജേ കൈതൊഴാം..........

**രചന : സിന്ധു ടീച്ചർ**



# മംഗള പത്രം

പാനായിക്കുളമെന്ന നാടിതിൽ ഖ്യാതി കേട്ടോ....

രരിയ പുണ്യമല്ലോ'ലിറ്റിൽ ഫ്ളവർ' എൻ വിദ്യാലയം

എത്രയോ മഹത്തുക്കൾക്കറിവിൻ അഗ്നിതേകി

എത്രയോ കാതം മുന്നോട്ടൊഴുകി മഹാനദി

ഈ മഹാനദിക്കേറെ നേട്ടങ്ങൾ പറയാനു-

ണ്ടേറ്റവും പുതുതാണി ശ്രേഷ്ഠമാം ലിറ്റൽ കൈറ്റസ്

അറിവുമാനന്ദവും ഡിജിറ്റൽ വിദ്യയാലേ

ബൃഹത്തായ് ചമക്കുന്നു കുഞ്ഞുങ്ങൾ, മിടുക്കന്മാർ

ലോകവിരൽത്തുമ്പിൽ തിരിയാൻ, വലുതാകാൻ

ഇനിയും വളരേണം,ഈശ്വരൻ തുണവേണം

വളരാൻ വലുതാകാൻ,പട്ടമായ് പറന്നിടാൻ

മംഗളം നേർന്നീടുന്നു,നന്മകൾ നേർന്നീടുന്നു

സിന്ധുടീച്ചർ

നല്ലപാഠം കോർഡിനേറ്റർ

# പ്രിയ മേരി ടീച്ചറിന് യാത്ര മംഗളങ്ങൾ










# ലിറ്റിൽ കൈറ്റ്സിന്റെ ഉത്ഭവം

രാജ്യത്തിന് മാതൃകയായി സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച ' ഹായ് സ്കൂൾ കുട്ടിക്കൂട്ടം'പദ്ധതി കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളോടെ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ 2018 ജനുവരി 22 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക,സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പരിപാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക,വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും,പരിപാലനവും

**കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക എന്നിവയൊക്കെയാണ് ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യങ്ങൾ.വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന ലിറ്റിൽ കൈറ്റ്സിൽ ആനിമേഷൻ, പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ് നിർമ്മാണം,ഗ്രാഫിക്ക് ഡിസൈനിങ്ങ്, മലയാളം കംപ്യൂട്ടിങ്ങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്ക്സ്,**
**റോബോട്ടിക്കസ്,സൈബർസുരക്ഷ, വെബ് ടിവി എന്നിവ ഉൾക്കെള്ളുന്നു.**

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

# ലിറ്റിൽ കൈറ്റ്സ്

കേരളത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി നടപ്പാക്കിവരുന്ന ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്.

കുട്ടികളുടെ ഐടി മികവിനായി നടപ്പാക്കി വരുന്നതാണ് ലിറ്റിൽ കൈറ്റ് എന്ന പദ്ധതി. സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 14000 കുട്ടികളാണ് ഇതിൽ പങ്കു ചേർന്നിരിക്കുന്നത്. വിവിധ ഇനങ്ങളിൽ പരിശീലനം നേടിക്കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സ്കൂളുകളിൽ ഇതിനായി എല്ലാ ബുധനാഴ്ചയും വൈകുന്നേരങ്ങളിൽ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. കുട്ടികൾക്ക് ഐടിയുടെ മികവിനു വേണ്ടിയാണ് ഇത് നടപ്പാക്കുന്നത് ഇഷ്ടപ്പെടുന്നു.



# മോഷണം



ഒരിടത്ത് വേലു എന്ന് പേരുള്ള ഒരു പാവപ്പെട്ട കൃഷിക്കാരനുണ്ടായിരുന്നു.ഒരു ദിവസം രാത്രി വേലുവും ഭാര്യയും അത്താഴമെല്ലാം കഴിഞ്ഞ് കിടന്നു. അൽപസമയത്തിനുള്ളിൽ അവര് നല്ല ഉറക്കമായി.ഈ സമയം ഒരു കള്ളൻ അവരുടെ പുരയ്ക്കകത്ത് കയറി. മുറിയിലാകെ നോക്കി ഒരു വലിയ ഭരണിയിൽ കുറെ അരി ഇരിപ്പുണ്ട്. അതല്ലാതെ ഒന്നും കണ്ടെത്താനായില്ല. കള്ളൻ ആലോചിച്ചു.ഒന്നുമില്ലേൽ ഇതായികൊള്ളട്ടെ. അവൻ ഭരണിയെടുത്ത് തലയിൽ വയ്ക്കാൻ നോക്കി.പ്രയാസം! പിന്നെ അത് താഴെ വച്ച്,തന്റെ മിനുസമുള്ള കോട്ടുരി നിലത്തിട്ടു.കുറെ അരി അതിൽ കുടഞ്ഞിട്ടു കൊണ്ടു

പോകാം എന്ന് തീരുമാനിച്ചു. ഈ നേരത്ത് വേലു കണ്ണു തുറന്നു. ജനലിലൂടെ കടന്ന് വന്ന നിലാവത്ത് മുറിയിൽ നടക്കുന്ന സംഭവങ്ങൾ അയാൾ വ്യക്തമായി കണ്ടു.നിമിഷം കൊണ്ട് അയാൾ കള്ളന്റെ കോട്ട് വലിച്ചെടുത്തു. കള്ളൻ തിരിഞ്ഞു നോക്കിയപ്പോൾ കോട്ടില്ല.ശൂന്യമായ സ്ഥലത്ത് നോക്കി അവൻ സ്തംഭിച്ചു നിന്നു.അതേ സമയം ഭാര്യയും ഉണർന്നു.അവൾ പറഞ്ഞു: "വല്ലാത്ത ശബ്ദം കേട്ടല്ലോ? കള്ളന്മാരാരെങ്കിലും മുറിയിൽ കടന്നോ..?".''ഹെയ്! ഇവിടെങ്ങും ആരും ഇല്ലാ...''.കള്ളന്റെ മിനുത്ത കോട്ട് മാറത്ത് ചേർത്തു കൊണ്ട് വേലു പറഞ്ഞു. ഞാൻ കുറച്ചു നേരമായി ഉണർന്ന് കിടക്കുകയാണ്.''ഇവിടെങ്ങും കള്ളന്മാർ കടന്നിട്ടില്ല''.അത് കേട്ടപ്പോൾ കള്ളന് ദേഷ്യം വന്നു.അയാൾ പറഞ്ഞു. ''കൊള്ളാം.....നല്ല കാര്യം,ഞാൻ എന്റെ കോട്ടൂരി ഇപ്പോൾ താഴോട്ട് ഇട്ടതേയുള്ളൂ.അതാരോ മോഷ്ടിച്ചു കളഞ്ഞു.ഹും.....''ഇവിടെ കള്ളനില്ല പോലും''.ഇതുകേട്ട് വേലുവും ഭാര്യയും പൊട്ടിച്ചിരിച്ചു.

# നമ്മുടെ ഭാരതം

1.രാഷ്ട്രപതി- രാം നാഥ്കോവിന്ദ്
2.പ്രധാന മന്ത്രി-നരേന്ദ്ര മോദി
3.രാഷ്ട്രഭാഷ-ഹിന്ദി
4.സംസ്ഥാനങ്ങൾ-29
5.പരമോന്ന കോടതി-സുപ്രീം കോടതി
6.ദേശീയ ഫലം-മാങ്ങ
7. ദേശീയ ഗീതം-വന്ദേമാതരം...
8. ദേശീയ ഗാനം-ജനഗണമന.....
9. ദേശീയ കലണ്ടർ-ശകവർഷം
10. ദേശീയ പതാക-ത്രിവർണ്ണ പതാക
11.സ്വാതന്ത്ര്യം-1947 ആഗസ്റ്റ് 15
12.രാഷ്ട്രപിതാവ്-മഹാത്മാ ഗാന്ധി
13.വിസ്തീർണ്ണം-32,87,263 ച.കിലോമീറ്റർ



# മഹാപ്രളയം



ചിത്രം – അനൂജ ജോൺ

# മാതൃഭാഷ

ചരിത്രം എന്നതിനുപരി നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ് നമ്മുടെ മാതൃഭാഷ. മലയാള ഭാഷയിൽ പണ്ട് കാലത്ത് വട്ടെഴുത്തും കോലെഴുത്തുമാണ് ഉപയോഗിച്ചിരുന്നത്. സംസ്കൃതത്തിൽ നിന്നും കടം കൊണ്ട വാക്കുകളും മലയാളത്തിലുണ്ടായിരുന്നു. പിന്നീടാണ് ആധുനിക മലയാള ഭാഷ രൂപം കൊണ്ടത്.

മണിപ്രവാളം എന്നൊരു സാഹിത്യ ശൈലിയായിരുന്നു പണ്ട്കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ഉണ്ണുനീലി സന്ദേശമാണ് മണിപ്രവാളത്തിൽ എഴുതിയ ഏറ്റവും പ്രശസ്തമായ കൃതി. തമിഴിനുള്ളത് പോലെയുള്ള പഴക്കം മലയാളത്തിനുമുണ്ട്. മലയാള സാഹിത്യത്തിനും ഇത്രയേറെ പഴക്കമുണ്ട്. മലയാള സാഹിത്യത്തിന്റെ ആദ്യകാലം നാടോടി ഗാനങ്ങളിലൂടെയായിരുന്നു. പാശ്ചാത്ത്യസാഹിത്യത്തിന്റെ സ്വാധീനത്തിലൂടെയാണ് ആധുനിക സാഹിത്യത്തിലേക്ക് ചുവട് വെക്കുന്നത്.



# ഉപദേശിക്കാൻ പോയ പക്ഷി



മഞ്ഞുകാലമായിരുന്നു. കുരങ്ങൻ കുറെ കരിയിലകൾ കൂട്ടിയിട്ട് തീയിടാൻ തീരുമാനിച്ചു. തീ കത്തിക്കാൻ തീപ്പെട്ടി ഇല്ലായിരുന്നു.

അതാ പറന്നു വരുന്നു ഒരു മിന്നാമിനുങ്ങ്. കുരങ്ങൻ അതിനെ പിടിച്ച് കരിയിലകൾക്കിടയിൽ വെച്ച് ശക്തിയായി ഊതാൻ തുടങ്ങി.

കരിയിലകൾ പറന്നുപോയിരുന്നു. ഒരു മരത്തിനു മുകളിൽ ഇരുന്ന് ഒരു പക്ഷി കുരങ്ങൻചെയുന്ന ആ വിഡ്ഢിത്തം കാണുന്നുണ്ടായിരുന്നു.

ഏയ് കുരങ്ങച്ചാ, മിന്നാമിനുങ്ങിനെക്കൊണ്ട് തീ കത്തിക്കാൻ പറ്റില്ല. പക്ഷി പറഞ്ഞു.

ആ ഉപദേശം കേട്ടപ്പാൾ കുരങ്ങന് കോപമാണ് തോന്നിയത്.

കുരങ്ങൻ ദേഷ്യം അടക്കാനാവാതെ പക്ഷിയുടെ കൂട് തകറ്ത്തു. അതിലുണ്ടായിരുന്ന പക്ഷിക്കുഞ്ഞുങ്ങളെ പിടിച് ഞെരിച്ച് കൊന്നുകളഞ്ഞു. വിവരമിലാത്തവരെ ഉപദേശിക്കുന്നത് വളരെ സൂക്ഷിച്ച വേണമെന്ന് അതോടെ പക്ഷി മനസിലാക്കി.

*മൊഴി*

# നദികൾ മരിക്കുന്നു



പുഴയില്ലാത്ത നാട്, മരുഭൂമിയുടെ നാട്, ഭാരതപ്പുഴയും പെരിയാറുമില്ലാത്ത കേരളത്തെക്കുറിച്ച് സംകൽപ്പിക്കാൻ നമുക്ക് കഴിയുമോ ? ദൈവത്തിൻെറ സ്വന്തം നാട് എന്ന് പറയത്തക്ക വിധം കേരളത്തെ ഹരിതമാക്കാൻ കേരളത്തിലെ നദികൾ വഹിക്കുന്ന സ്ഥാനം വലുതാണ് . കേരളത്തിലെ നദികളെ വാഴ്ത്തിപ്പാടാത്ത കവികളിൽ പെരിയാറിനെ കുറിച്ച് വയലാർ പാടിയ പ്രശസ്ത വരികൾ

മൊഴി

മൂളാത്ത കേരളീയൻ ഉണ്ടോ ? നദികൾ സ്വയം മരിക്കുകയാണോ ? അതോ കൊലപ്പെടുകയാണോ ? നഗരവത്കരണത്തിൻെറ ഭാഗമായി പുറംതള്ളുന്ന മാലിന്യങ്ങൾ അധികവും വന്നുചേരുന്നത് നദികളിലാണ് . നദികൾ മരിക്കുംപോൾ ജലം ഇല്ലാതാകുന്നു .നദികൾ തകർന്നാൽ ജനതയുടെ ആരോഗ്യം തകരും .

വ്യവസായ സ്ഥാപനങ്ങൾ നദിയിൽ തള്ളുന്ന മാലിന്യങ്ങൾക്ക് കണക്കില്ല .

ആധുനിക മനുഷ്യൻ പുരോഗതിയുടെ പിന്നാലെ പായുമ്പോൾ അവൻ തൻെറ ജീവൻെറ നിലനിൽപ്പിന് ആധാരമായ നദികളെ അവഗണിക്കുന്നു . നദിയെ കൊല്ലുന്ന പ്രവർത്തികളിൽ നിന്നു മനുഷ്യൻ മാറിയേ മതിയാവൂ . ഈ തലമുറ മാത്റമല്ല ഇനിയും തലമുറകൾ വരാനുണ്ടെന്ന കാര്യം മറക്കാതിരിക്കുക.

# കുഞ്ഞിപ്പൂമ്പാറ്റ



കുഞ്ഞുറോസാപ്പൂവിന്റെ കുഞ്ഞിതളിരുകളിൽ ഒളിച്ചിരുന്നു കുഞ്ഞിപ്പൂമ്പാറ്റ.അമ്മപ്പൂമ്പാറ്റ രാവിലെ എഴുന്നേറ്റു.പൂവുകളിൽ നിന്ന് പൂവുകളിലേക്ക് പറക്കാൻ തുടങ്ങി.

അമ്മപ്പൂമ്പാറ്റ,കുഞ്ഞിപ്പൂമ്പാറ്റയെ വിളിച്ചു''മോളേ,തേൻ തേടാൻ വാ'' കുഞ്ഞിപ്പൂമ്പാറ്റ മിണ്ടിയില്ല.

വൈകുന്നേരമായപ്പോഴേക്കും അമ്മപ്പൂമ്പാറ്റ തേനുമായി തിരിച്ചെത്തി. അമ്മപ്പൂമ്പാറ്റ കുഞ്ഞിപ്പൂമ്പാറ്റയെ വിളിച്ചു. ''മോളേ.....തേൻ കുടിക്കാൻ വാ....''അതുകേട്ടപ്പോൾ കുഞ്ഞിപ്പൂമ്പാറ്റ തുള്ളിച്ചാടി അമ്മയുടെ അടുത്തെത്തി.

''അമ്മേ....തേൻ തരൂ....''എന്ന് കൊഞ്ചിക്കൊണ്ട്

പറഞ്ഞു.അപ്പോൾ അമ്മപ്പൂമ്പാറ്റ പറഞ്ഞു
''മോളേ....തേൻ കുടിക്കാൻ ഒരു പ്ലാവില
കൊണ്ടുവാ.....തേൻ പ്ലാവിലയിൽ ഒഴിച്ചു തരാം''
അപ്പോൾ,കുഞ്ഞിപ്പൂമ്പാറ്റ പറഞ്ഞു. ''എനിക്ക് വയ്യമ്മേ''
പ്ലാവില കൊണ്ട് വരാതെ തേൻ തരില്ലെന്ന് മനസ്സിലാക്കിയ
കുഞ്ഞിപ്പൂമ്പാറ്റ പ്ലാവില തേടി പ്ലാവിൻ ചുവട്ടിൽ
എത്തി.കുഞ്ഞിക്കാലു വേദനിച്ചു.പ്ലാവിൻ ചുവട്ടിലെ
കുഞ്ഞിക്കല്ലിൽ തട്ടി ചിറക് വേദനിച്ചു. പ്ലാവിലയുമായി
കരഞ്ഞുകൊണ്ട് വീട്ടിലെത്തിയ കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് അമ്മ
വയറ് നിറയെ തേൻ കൊടുത്തു.തേൻ കുടിച്ച് ഏമ്പക്കം വിട്ട
പൂമ്പാറ്റയോട് അമ്മ പറഞ്ഞു''അമ്മ ഒത്തിരി കഷ്ടപ്പെട്ടിട്ടാ
ഇത്തിരി തേനെങ്കിലും കിട്ടുന്നത്. അത്കൊണ്ട് നാളെ
മുതൽ മോളും അമ്മയോടൊപ്പം തേൻ കുടി
വരണം''കുഞ്ഞിപ്പൂമ്പാറ്റ തലയാട്ടി. പിറ്റേന്ന്
അമ്മയോടൊപ്പം തേൻ തേടി കുഞ്ഞിപ്പൂമ്പാറ്റയും പുറപ്പെട്ടു.

# നാക്കുളുക്കികൾ

1.അറിയിലെ ഉറിയിലെ  ഉരുളിയിലുരിയെണ്ണ

2.കിളിന്നൂർ ഉരുളി വാലുരുളി

3.മുണ്ടിൽ ചെളി പുരളരുത്

4.മസ്തിഷ്കത്തിൽ ബ്ലഡ് പ്രളയം

5.കുളം വരളുന്നു അരളി വളരുന്നു മരം തളരുന്നു

6.കരയിലെ കരിയിരയിൽ ഒരരയാലില

7.മലയിലിലിലയിലൊരെലിവാല്

8.കുട്ടം കുടി കുട്ടാൻ കുടി കുട്ടാൻ കുട്ടം കുടി

9.ഉയരെയുള്ളൊരു ഉറിയിലുളളൊരു ഉരുളിയിലുള്ളൊരു ഉരുള

10.ഉരലിലോരിലയിലൊരുരിയരി



# ആകാശം മുട്ടെ പാറിപറന്ന് 'കുട്ടിപ്പട്ടങ്ങൾ '

പാനായിക്കുളം:ലിറ്റിൽ കൈറ്റ്സ് ഉപജില്ല ക്യാമ്പ് ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ നടന്നു.അഞ്ചോളം സ്കൂളുകളിലെ നാൽപത്തിയെട്ടോളം വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.സംസ്ഥാനത്ത് 1901 സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുത്ത 14000 വിദ്യാർത്ഥികൾ സംസ്ഥാനത്ത് നടക്കുന്ന 261 ക്യാമ്പുകളിലായി പങ്കെടുത്തു.

പ്രളയത്തിൽ വീടുകളിലും ഫ്ളാറ്റുകളിലുമായി ഒറ്റപ്പെട്ടുപോയവരെ നിശ്ചിത സമയത്തിനുള്ളിൽ ഹെലികോപ്ടർ ഉപയോഗിച്ച് രക്ഷപ്പെടുത്തിയ ഗെയിം തയ്യാറാക്കി.പ്രളയത്തിലെ അതിജീവന രംഗങ്ങൾ പ്രോഗ്രാമിങ്ങ് സോഫ്റ്റ് വെയർ ഉപയോഗിച്ച് കുട്ടികൾ പുനരാവിഷ്കരിച്ചു.

കൂടാതെ ആനിമേഷൻ സിനിമകളിലും കുട്ടികൾ മികവ് തെളിയിച്ചു.ആമയും മുയലും ഓട്ടപ്പന്തയം തുടങ്ങിയ ആനിമേഷൻ സിനിമകൾ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് കുട്ടികൾ തയ്യാറാക്കി.

# കുട്ടിയും തള്ളയും

## കുമാരനാശാൻ




പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ

ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി

മെല്ലെന്നു തെക്കുന്നു വീശുന്നു വായു;

ഉല്ലാസമീ നീണ്ട കൂകൂരവത്താ-

ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കേ

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-


പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-

ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊങ്ങുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!
നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ

# സിംഹത്തിന്റെ അഹങ്കാരം



കിങ്ങിണി കാട്ടിൽ കുറേ മൃഗങ്ങൾ താമസിച്ചിരുന്നു.അവരുടെ രാജാവായ സിംഹം ഒരു അഹങ്കാരി ആയിരുന്നു.അവിടുത്തെ മൃഗങ്ങൾക്കെല്ലാം ആ സിംഹത്തെ ഭയമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു വയസ്സൻ കുരങ്ങൻ അവിടെ എത്തി ചേർന്നു.നല്ല ബുദ്ധിശാലിയായിരുന്നു ആ കുരങ്ങൻ.എല്ലാവരും ആ കുരങ്ങനെ സമീപിച്ചു.അപ്പോൾ കുരങ്ങൻ പറഞ്ഞു:എല്ലാവരും സമാധാനമായിരിക്കൂ.

കുരങ്ങൻ സിംഹത്തിന്റെ അടുത്ത് ചെന്നിട്ട് സിംഹത്തിന്റെ ഗുഹയിലേക്ക് ഒരു കല്ല് കൊണ്ടുണ്ടാക്കിയ എല്ല് ഇട്ടു.സിംഹം ഓടി ആ എല്ല് എടുക്കാൻ ചെന്നു.പെട്ടെന്ന് കുരങ്ങൻ ഒരു വലിയ പാറയെടുത്ത് ആ ഗുഹ അടച്ചു.അങ്ങനെ എല്ലാ മൃഗങ്ങൾക്കും സന്തോഷമായി.

മൊഴി

# പട്ടിയുടെ വിരുന്ന്

ഒരിക്കൽ ഒരു പട്ടി ഒരു കൊക്കിനെ സദ്യക്ക് ക്ഷണിച്ചു. എന്നിട്ട് പാൽപ്പായസമുണ്ടാക്കി. വിരുന്നുകാരന്റെ സൗകര്യം നോക്കിയാണല്ലോ നാമെല്ലാം സദ്യ വിളമ്പുക.

എന്നാൽ പട്ടി ഒരു പരന്ന പാത്രത്തിൽ ആണ് കൊക്കിന് പാൽപ്പായസം വിളമ്പിയത്. കൊക്ക് വിഷമിച്ചു. എത്ര ശ്രമിച്ചിട്ടും കൊക്കിന്പരന്ന പാത്രത്തിലെ പാൽപ്പായസം കുടിക്കാൻ കഴിഞ്ഞില്ല. അവൻ വിഷമത്തോടെ മടങ്ങിപ്പോയി. പട്ടി തന്നോട് ഇങ്ങനെ ചെയ്തതിന് പകരം വീട്ടണമെന്ന് കൊക്ക് തീരുമാനിച്ചു.

അടുത്തദിവസം കൊക്ക് പാൽപ്പായസമുണ്ടാക്കിയിട്ട് പട്ടിയെ വിരുന്നിന് ക്ഷണിച്ചു. പട്ടി സന്തോഷത്തോടെ വിരുന്നിന് എത്തിച്ചേർന്നു. ഒരു കൂപ്പിയിൽ ആണ് കൊക്ക് പട്ടിക്ക് പായസം കൊണ്ടുവന്ന് വെച്ചത്. പട്ടി പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും പായസം ഒരുതുള്ളിപോലും കുടിക്കാൻ കഴിഞ്ഞില്ല. പട്ടി ഇളിഭ്യനായി. എങ്കിലും നാണക്കേടും കൊതിയും പുറത്തുകാട്ടാതെ പട്ടി യാത്ര പറഞ്ഞു മടങ്ങിപ്പോയി.

പട്ടി പോയിക്കഴിഞ്ഞപ്പോൾ കൊക്ക് കൂപ്പിയിൽ തൻറെ കൊക്ക് കടത്തി പായസം മുഴുവൻ കുടിച്ചു തീർത്തു. മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ ആ വിധത്തിലാണ് നാം അവരോട് പെരുമാറേണ്ടത്

മൊഴി

# പെയ്തൊഴിഞ്ഞ മേഘങ്ങൾ



എപ്പൊഴൊ പെയ്തൊഴിഞ്ഞ
മേഘങ്ങൾ പോലെ
എന്റെ മനസ്സ് ശാന്തമായിരുന്നു
ഞാൻ അറിയാത്ത എന്നെഎപ്പൊഴൊ പെയ്തൊഴിഞ്ഞ
മേഘങ്ങൾ പോലെ
എന്റെ മനസ്സ് ശാന്തമായിരുന്നു
ഞാൻ അറിയാത്ത എന്നെ തേടിയുള്ള
യാത്ര

മൊഴി

തുടങ്ങിയിരുന്നു
മണ്ണിലും വിണ്ണിലും തുണിലും തുരുമ്പിലും
ഞാൻ തിരഞ്ഞു
എവിടയുമാരും അറിഞ്ഞില്ലെന്നെ
എന്റെ വിരൽ തുമ്പിൽ ചലിയ്ക്കും
തുലിക തുമ്പിനും അറിയില്ലെന്നെ
പിന്നെ ഞാൻ നിന്നില്ല
ഭൂമിയിലെ ഓരോ മൺതരിയോടും ചോദിച്ചു?
എന്തിന്,
സകലചരാചരത്തിനും അറിയില്ലെന്നെ
അപ്പോഴേയ്ക്കും ഞാനറിഞ്ഞു
എന്നെ ആരുമറിയില്ലാ എന്ന സത്യം
ഇതെന്റെ യാത്രയുടെ അവസാനമായിരുന്നോ
അതുമെനിയ്ക്കറിയില്ല

വീണ്ടും ഞാൻ തിരയുകയായിരുന്നു
എപ്പൊഴോ പെയ്തൊഴിഞ്ഞ
മേഘങ്ങൾ പോലെ
ആരും അറിയാത്ത എന്നെയും
എന്റെ മനസ്സിനേയും.......

# പഴഞ്ചൊല്ല്

. ഒത്തുപിടിച്ചാൽ മലയും പോരും

. പയ്യെത്തിന്നാൽ പനയും തിന്നാം

. മടിയൻ മല ചുമക്കും

. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

. മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്

. മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല

. ഉപ്പ് തിന്നവൻ വെള്ളം കുടിക്കും

. കാണം വിറ്റും ഓണം ഉണ്ണണം

. പണത്തിന് മേലെ പരുന്തും പറക്കില്ല

. സമ്പത്ത് കാലത്ത് തൈ പത്ത് നട്ടാൽ

.ആപത്ത് കാലത്ത് കാ പത്ത് തിന്നാം.



# ബേപ്പൂർ സുൽത്താൻ

നമ്മുടെസ്വന്തം 'കിത്താബുകളുടെ സുൽത്താൻ ' മലയാളികളുടെ സ്വന്തം അഹങ്കാരമായ 'ബേപ്പൂർ സുൽത്താനെ ആരാണ് അറിയാത്തത്. സാഹിത്യരചനയിൽ തനതായ ശൈലിയിൽ പ്രേക്ഷകഹൃദയം കവർന്ന നമ്മുടെ സ്വന്തം വൈക്കം മുഹമ്മദ് ബഷീർ . തൻെറ ഓരോ കഥയും നാടിൻെറ യഥാർത്ഥമായ അവസ്ഥ ചിത്രീകരിക്കുന്ന കഥകൾ . ഓരോ ഹൃദയവും സ്പർശിതമായ ഈനമ്മുടെ സ്വന്തം 'കിത്താബുകളുടെ സുൽത്താൻ ' മലയാളികളുടെ സ്വന്തം അഹങ്കാരമായ 'ബേപ്പൂർ സുൽത്താനെ ആരാണ് അറിയാത്തത്. സാഹിത്യരചനയിൽ തനതായ ശൈലിയിൽ പ്രേക്ഷകഹൃദയം കവർന്ന നമ്മുടെ സ്വന്തം വൈക്കം മുഹമ്മദ് ബഷീർ . തൻെറ ഓരോ കഥയും നാടിൻെറ യഥാർത്ഥമായ അവസ്ഥ ചിത്രീകരിക്കുന്ന കഥകൾ . കഥകൾ വിരിഞ്ഞ തൂലികയിൽ നിറഞ്ഞിരുന്നത് അനുഭവങ്ങളുടെ മഷിയായിരുന്നു.

നമുക്കേവർക്കും അറിയാവുന്നതാണ് , അഞ്ചാം ക്ലാസ്സിൽ വച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ പോയ 'ബഷീർ ' പിന്നീട് ജയിൽവാസവും മറ്റും അനുഭവിച്ച് , യവ്വനത്തിൽ ജയിൽ മോചിതനായി , പിന്നീട് ഏഴ് വർഷത്തോളം നീണ്ടുനിന്ന ലോകസഞ്ചാരം ഈ അനുഭവങ്ങളുടെ ഒരു കടലാണ് ഓരോ പുഴയായി ഓരോ പുസ്തകങ്ങളിൽ

പ്രത്യക്ഷ്പ്പെടുന്നത് .

ബാല്യകാലസഖി , പാത്തുമ്മയുടെ ആട് , 'ൻറുപ്പൂപ്പാക്കൊരാനേണ്ടാർന്നു ' , ശബ്ദങ്ങൾ എന്നീ രചനകൾ മലയാളികളുടെ ഹൃദയത്തിൽ എന്നും തിരിതെളിഞ്ഞു നില്ക്കുന്നു . അവ ഓരോന്നും വായനക്കാരെ ,നമ്മെ നമ്മുടെ ഓർമ്മകളിലേക്ക്, അന്യം നിന്നു പോകുന്ന നാട്ടിൻപുറങ്ങളിലേക്ക് നമ്മെ കൂട്ടികൊണ്ടുപോകുന്നു .

നമ്മുടെ രചനകൾ പ്രസദ്ധീകരിക്കുനന നമ്മുടെ സ്കൂൾ മാഗസിനിൽ , 'രചനകളുടെ സുൽത്താനെ' കുറിച്ച് ഒരു ചെറു വിവരണം ഏവർക്കും നല്കാൻ ഞാൻ സന്തോഷിക്കുന്നു .



# എങ്കിൽ വരാം.......




മഹാമടിയനാണ് കുട്ടു. ഒരു ദിവസം കുട്ടുവിനോട് അവന്റെ ചങ്ങാതിയായ ഉണ്ണി പറഞ്ഞു. എടാ കുട്ടു,ഞാനും രാജുവും കൂടി നാളെ സൂര്യോദയം കാണാൻ കിഴക്കൻ മലയിലേക്ക് പോവുകയാണ്."കിഴക്കൻ മലയിലേക്കോ....?"അതെവിടെയാ...?കുട്ടു ചോദിച്ചു."ശ്ശെടാ കിഴക്കൻ മല എവിടെയാണെന്ന് അറിയില്ലേ?ഇവിടെനു മൂന്ന് കിലോമീറ്റർ കിഴക്കോട്ട് പോയാൽ കിഴക്കൻ മലയായി.പിന്നൊരു കാര്യം നീ വരുന്നുണ്ടെങ്കിൽ പുലർച്ചെ അഞ്ച് മണിക്ക് വരണം എങ്കിലേ ഉദയത്തിനു മുമ്പ് അവിടെ എത്തു!ങ്ങേ? പുലർച്ചെ അഞ്ച് മണിക്കോ...? അത്രയും നേരത്തെ എഴുന്നേറ്റ് സൂര്യോദയം കാണാൻ എന്നെ കിട്ടില്ല! നിങ്ങളൊരു കാര്യം ചെയ്യൂ.യാത്ര ഒമ്പതു മണിക്കോ പത്ത് മണിക്കോ ആക്ക്. എങ്കിൽ ഞാനും വരാം.കുട്ടുവിന്റെ മറുപടി കേട്ട് ഉണ്ണി വാ പൊളിച്ചു പോയി!

മൊഴി

# കണക്ക് മാതൃക

*12345679 x 9 =111 111 111*
*12345679 x 18=222 222 222*
*12345679 x 27=333 333 333*
*12345679 x 36=444 444 444*
*12345679 x 45=555 555 555*
*12345679 x 54=666 666 666*
*12345679 x 63=777 777 777*
*12345679 x 72=888 888 888*
*12345679 x 81=999 999 999*



# മിന്നാമിനുങ്ങ്

## കുമാരനാശാൻ



ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊട്ടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുട്ടുന്നതില്ലിച്ചെറുതീയതൊന്നുമേ!

കെട്ടുന്നമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭൂരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!
അതാ വിളങ്ങുന്നു ഭവദ്ഗുണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

# മണ്ണിനെ അറിഞ്ഞ് .......

# സ്നേഹിച്ച് .......







മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായി പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ വിദ്യാർഥികൾ ചേർന്നു കൃഷി ചെയ്ത കോളിഫ്ലവറിന്റെ വിളവെടുപ്പ് നടത്തിയപ്പോൾ.

## വിദ്യാർഥികൾ വിളവെടുത്തു

ആലങ്ങാട് • പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിൽ മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾ ചേർന്നു കൃഷി ചെയ്ത കോളിഫ്ലവറിന്റെ വിളവെടുപ്പ് നടത്തി.

വിഷരഹിത പച്ചക്കറി വിളയിച്ചെടുക്കുക എന്ന ആശയവുമായി കോളിഫ്ലവർ, തക്കാളി, പച്ചമുളക്, വെണ്ടയ്ക്ക, പയർ തുടങ്ങിയ വിവിധയിനം പച്ചക്കറികളാണു സ്കൂളിൽ കൃഷി ചെയ്യുന്നത്. സ്കൂൾ പരിസരത്തു ഗ്രോ ബാഗുകളിലും മണ്ണിലുമായാണു കൃഷി. അതിൽ പാകമായ കോളിഫ്ലവറാണു കഴിഞ്ഞ ദിവസം വിദ്യാർഥികളുടെ നേതൃത്വത്തിൽ വിളവെടുത്തത്. വിളവെടുത്ത കോളിഫ്ലവർ വിദ്യാർഥികൾക്കു തന്നെ പാകം ചെയ്തു നൽകും.

സ്കൂൾ മാനേജർ സിസ്റ്റർ വിയോള വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ആനീസ്, നല്ലപാഠം കോർഡിനേറ്റർമാരായ പി.എ.സിന്ധു, ബ്രിജിറ്റ് ഫെലിക്സ്, സിസ്റ്റർ മിൽഡ എന്നിവർ പങ്കെടുത്തു.



മൊഴി


മൊഴി
MalluGreetings.com